**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No: 242/2024**

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, ഇടവകഭരണ സമിതി അംഗങ്ങൾക്കും, സഭാ വർക്കിംഗ് കമ്മറ്റി അംഗങ്ങൾക്കും, മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്കും ശേഷം ജനങ്ങൾക്കും വാഴ്‌വ്!

പ്രിയരെ,

മലങ്കര ഓർത്തഡോക്സ് സഭ വകയായി ഒരു ആയുർവേദ ആശുപത്രിയും, ഒരു ആയുർവേദ കോളേജും ആരംഭിക്കുന്നതിനുള്ള ആലോചനകൾ ആരംഭിച്ചിട്ട് ഏറെക്കാലമായല്ലോ. ഈ വിഷയം സഭാ മാനേജിംഗ് കമ്മറ്റിയും പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസും ചർച്ച ചെയ്യുകയും ഒരു തുക ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കോട്ടയം നഗരത്തിനടുത്ത് പരുത്തുംപാറ എന്ന സ്ഥലത്ത് ആയുർവേദ ആശുപത്രിയും, ആയുർവേദ കോളേജും ആരംഭിക്കുന്നതിനാവശ്യമായ ഭൂമി നമുക്ക് ലഭിക്കുകയും ചെയ്തു. ഒരു ആയുർവേദ കോളേജ് ആരംഭിക്കുന്നതിന്റെ മുന്നോടിയായി ഒരു ആയുർവേദ ആശുപത്രി എത്രയും വേഗം ആരംഭിക്കേണ്ടത് ആവശ്യമായിരിക്കുന്നതിനാൽ, പ്രസ്തുത സ്ഥലത്തിന് അടുത്തുതന്നെ, ചാന്നാനിക്കാട് വായനശാലയ്ക്ക് സമീപം, താത്കാലികമായി വാടകയ്ക്ക് എടുത്തിട്ടുള്ള ഒരു കെട്ടിടത്തിൽ ഒരു ആയുർവേദ ആശുപത്രി എത്രയും വേഗം ആരംഭിക്കുവാൻ നാം ആഗ്രഹിക്കുന്നു. ഈ മാസം 15-ാം തീയതി ഞായറാഴ്ച തിരുവോണ നാളിൽ രാവിലെ 10.30 -ന് പ്രസ്തുത കെട്ടിടത്തിന്റെ കൂദാശ നിർവ്വഹിക്കുന്നതിന് നാം ആഗ്രഹിക്കുന്നു. താത്പര്യമുള്ള എല്ലാവരും, പ്രത്യേകിച്ച് കോട്ടയം നഗരത്തിലും അതിന് ചുറ്റുപാടുമുള്ള വൈദികരും, സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങളും, വിശ്വാസികളും പ്രസ്തുത കൂദാശയിൽ വന്ന് സംബന്ധിക്കുവാൻ ശ്രദ്ധിക്കണം.

അതുപോലെ തന്നെ, കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരത്ത് സഭയുടെ ഒരു കേന്ദ്രം ഉണ്ടാകണമെന്നുള്ളത് ദീർഘനാളായി ചർച്ച ചെയ്യപ്പെടുന്ന ഒരു കാര്യമാണ്. തിരുവനന്തപുരം നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന, 'ബാവാ പറമ്പ്' എന്ന പേരിൽ അറിയപ്പെടുന്ന, സഭാവക ഭൂമി ഈ കാര്യത്തിനായി ഉപയോഗിക്കുവാൻ നാം ആഗ്രഹിക്കുന്നു. ഇക്കാര്യവും സഭയുടെ മാനേജിംഗ് കമ്മറ്റിയും പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസും അംഗീകരിക്കുകയും ബജറ്റിൽ തുക മാറ്റിവയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. അവിടെ ഒരു ആസ്ഥാനം പണിയുന്നതിനുള്ള പ്ലാനും പദ്ധതിയുമെല്ലാം തയ്യാറായിട്ടുണ്ട്. ഈ മാസം 15-ാം തീയതി ഞായറാഴ്ച തന്നെ ഉച്ചകഴിഞ്ഞ് 3.30-ന് പ്രസ്തുത മന്ദിരത്തിന്റെ ശിലാസ്ഥാപനവും നടത്തുവാൻ നാം ആഗ്രഹിക്കുന്നു. ഈ പരിപാടിയിലും കഴിവുള്ളിടത്തോളം വൈദികരും ജനങ്ങളും, പ്രത്യേകിച്ച് തിരുവനന്തപുരം നഗരത്തിലും അതിനു സമീപവും താമസിക്കുന്ന വൈദികരും, സഭാമാനേജിംഗ് കമ്മറ്റി അംഗങ്ങളും, വിശ്വാസികളും വന്ന് സംബന്ധിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

ഈ രണ്ട് സ്ഥാപനങ്ങളും പരിശുദ്ധ സഭയുടെ വളർച്ചയ്ക്കും യശസ്സിനും കാരണമായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

2024 സെപ്റ്റംബർ മാസം 7-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**